# പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **–3172** | **20.12.2012** ൽ മറുപടിക്ക്

## കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ വിവിധ പാലങ്ങളുടെ പ്രവൃത്തികൾ

**ചോദ്യം**

ശ്രീ.കെ. ദാസൻ

**ഉത്തരം**

ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ആവി പാലം (ആർ.ഐ.ഡി. എഫ്.**VIII**), ഉള്ളൂർകടവ് പാലം, അഴിക്കൽ കടവ് പാലം, കോട്ടയക്കൻ-കോട്ടക്കടവ് പാലം, അകലാപ്പുഴ പാലം, നടേരികടവ് പാലം, കോരപ്പുഴ-അഴീക്കൽ പാലം, തോരായി കടവ് പാലം എന്നിവയുടെ നിർമ്മാണ പുരോഗതി ; ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തുക; ഇൻവെസ്റ്റിഗേഷൻ പൂർത്തിയായോ ; അലൈൻമെന്റ് അംഗീകരിച്ചുവോ ; ഡിസൈൻ ഡ്രിക്ക് തയ്യാറായോ എന്നീ വിവരങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എ) ആവി പാലം: ആവിപ്പാലം നിർമ്മാണം കോടതി കേസ് കാരണം സ്തംഭനാവസ്ഥ യിലാണ്
ഈ പ്രവൃത്തിയുടെ ഭരണാനുമതി : **89.50** ലക്ഷം രൂപ
എഗ്രിമെന്റ് നമ്പർ: **SE(K)11/98-99**
എഗ്രിമെന്റ് തുക :**132.40** ലക്ഷം

ഉള്ളൂർകടവ് പാലം: ഈ പ്രവൃത്തിക്ക് **850** ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലത്തിന്റെ അലൈൻമെന്റ്, ഡിസൈൻ എന്നിവ തയ്യാറായിട്ടുണ്ട്.
സ്ഥലമെടുപ്പ് നടപടികൾ കൊയിലാണ്ടി മുനിസിപ്പാലിറ്റി ഭാഗത്ത് പുരോഗതിയിലാണ്. എന്നാൽ ഉള്ള്യേരി പഞ്ചായത്ത് ഭാഗത്ത് സ്ഥലമുടമകളുടെ എതിർപ്പ് കാരണം സ്ഥലമെടുപ്പ് നടപടികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

അഴിക്കൽ കടവ് പാലം:
എസ്റ്റിമേറ്റ് തുക : **100** ലക്ഷം
ഈ പാലത്തിനും അപ്രോച്ച് റോഡിനും ആവശ്യമായ സ്ഥലമെടുപ്പിനുവേണ്ടിയുള്ള അർത്ഥന പരിശോധിച്ചുവരുന്നു.

കോട്ടയക്കൻ കോട്ടക്കടവ് പാലം:
കോട്ടയക്കൻ കോട്ടക്കടവ് പാലത്തിന് ഭൂമി ഏറ്റെടുക്കുന്നതിനായി **75** ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ അലൈൻമെന്റ് തയ്യാറാക്കിവരുന്നു.

അകലാപ്പുഴ പാലം:
അകലാപ്പുഴ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് **1.76** ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുണ്ട്.

നടേരികടവ് പാലം:
നടേരികടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷന് **10** ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി കൾ പുരോഗമിച്ചുവരുകയാണ്.

**കോരപ്പുഴ- അഴീക്കൽ പാലം:**

ഈ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് 7.20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറായിവരുന്നു. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് അംഗീകാരം നൽകി അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**തോരായി കടവ് പാലം:**

തോരായി കടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷന് വേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാകുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഓരോ പ്രവൃത്തിയുടെയും നടപടികൾ നിലവിൽ ഇപ്പോൾ ഏത് ഓഫീസുകളിലാണ്, അതാത് ഓഫീസിന്റെ മേൽവിലാസവും ഫോൺ നമ്പറും സഹിതം വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി)

1. ആവി പാലം: കോടതി കേസ് നിലവിലുണ്ട്.
2. ഉള്ളൂർകടവ് പാലം: എതിർപ്പ് കാരണം സ്ഥലമെടുപ്പ് നടപടികൾ സ്തംഭനാവസ്ഥയിലാണ്.
3. അഴിക്കൽ കടവ് പാലം: എക്സിക്യൂട്ടീവ് എൻജിനീയർ, റോഡ്സ് ഡിവിഷൻ, കോഴിക്കോട് ഫോൺ - 0495 2374974
4. കോട്ടയക്കൻ കോട്ടക്കടവ് പാലം: സൂപ്രണ്ടിംഗ് എൻജിനീയർ, റോഡുകളും പാലങ്ങളും വിഭാഗം (ഉത്തരമേഖല), കോഴിക്കോട് ഫോൺ 0495 2720412
5. അകലാപ്പുഴപാലം: സൂപ്രണ്ടിംഗ് എൻജിനീയർ, റോഡുകളും പാലങ്ങളും വിഭാഗം (ഉത്തരമേഖല), കോഴിക്കോട് ഫോൺ - 0495 2720412
6. നടേരികടവ് പാലം: അസിസ്റ്റന്റ് എൻജിനീയർ, ബ്രിഡ്ജസ് സെക്ഷൻ, കോഴിക്കോട് ഫോൺ - 0495 2376175
7. കോരപ്പുഴ- അഴീക്കൽ പാലം: സൂപ്രണ്ടിംഗ് എൻജിനീയർ, റോഡ്സ് ആന്റ് ബ്രിഡ്ജസ് , കോഴിക്കോട് ഫോൺ - 0495 2720412
8. തോരായി കടവ് പാലം: സൂപ്രണ്ടിംഗ് എൻജിനീയർ, റോഡുകളും പാലങ്ങളും വിഭാഗം (ഉത്തരമേഖല), കോഴിക്കോട് ഫോൺ - 0495 2720412

(സി) ഓരോ പ്രവൃത്തിയും സമയബന്ധിതമായി മുന്നോട്ട് പോവുന്നുണ്ടോ എന്ന് പരിശോധിക്കുന്നുണ്ടോ ; കാലതാമസം നേരിടുന്ന പ്രവൃത്തികളുടെ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ ?

(സി) പരിശോധിക്കുന്നുണ്ട്. സ്ഥലമുടമകളുടെ എതിർപ്പും കോടതി വ്യവഹാരങ്ങളും മൂലം സ്ഥലമെടുപ്പ് നടപടികളും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും പൂർത്തിയാക്കാൻ നേരിടുന്ന തടസ്സങ്ങൾ കാരണമാണ് പ്രവൃത്തികൾ മുന്നോട്ടുകൊണ്ടുപോകാൻ കാലതാമസം നേരിടുന്നത്.

സെക്ഷൻ ഓഫീസർ